## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത 25-ാം നമ്പർ ചോദ്യം 10.12.2012 -ലെ മറുപടിക്ക്**

**ബാങ്ക് വഴിയുള്ള സബ്സിഡി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ബഹു.മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻചാണ്ടി |
| (എ) കേരളത്തിൽ എന്നുമുതൽക്കാണ് സബ്സിഡികൾ ബാങ്ക് വഴി നൽകുവാൻ ഉദ്ദേശിക്കുന്നത് ; | 17.11.12-ലെ സ.ഉ (എം.എസ്) നം. 32/12/ഭ.പൊ.വി.വ പ്രകാരം എ.പി. എൽ/എസ്.എസ്. വിഭാഗത്തിന് റേഷൻ സബ്സിഡി ബാങ്ക് വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 17.8.2012-ലെ സ.ഉ (സാധാ) നം. 1663/2012/ എ.ഡി പ്രകാരം കാർഷിക സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലൂടെ നേരിട്ട് നൽകുന്നതിന് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ കൃഷി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകുന്ന എല്ലാ സഹായവും ബാങ്ക് വഴി വിതരണം ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം പരിശോധിച്ചുവരികയാണ്. |
| (ബി) ഏതെല്ലാം കാര്യങ്ങൾക്കുള്ള സബ് സിഡികളാണ് ബാങ്കുവഴി നൽകുവാൻ ഉദ്ദേശി ക്കുന്നത് ; | റേഷൻ സബ്സിഡി, കാർഷിക സബ്സിഡി എന്നിവയാണ് ഇപ്പോൾ ബാങ്കു വഴി നൽകാൻ ഉദ്ദേശിക്കുന്നത്. |
| സി) സഹകരണ ബാങ്കുകളെയും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| ഡി) ഈ ആവശ്യത്തിന് ആധാർ കാർഡ് നിർബന്ധമാക്കിയിട്ടുണ്ടോ ; | ആനുകൂല്യങ്ങൾ ബാങ്കുകൾ വഴി വിതരണം ചെയ്യുമ്പോൾ ആധാറുമായി ബന്ധപ്പെടു ത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| ഇ) ഇല്ലെങ്കിൽ മറ്റെന്തെല്ലാം സംവിധാനമാണ് ഇതിന് ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശി ക്കുന്നത് ; | |

| | |
|---|---|
| എഫ്)തുടക്കത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

**ഡെപ്യൂട്ടി സെക്രട്ടറി**